# الصَّوَارِفُ عَنِ الحَقِّ

# സത്യത്തിൽ നിന്ന്

# വഴിതെറ്റിക്കുന്ന കാര്യങ്ങൾ

ഗ്രന്ഥകാരൻ

**ഹമദ് ബ്ൻ ഇബ്റാഹീം അൽ– ഉഥ്മാൻ**

വിവർത്തനവും അടിക്കുറിപ്പുകളും

**അബ്ദുൽ മുഹ്സിൻ അയ്ദീദ്, പൊന്നാനി**

# 2 - സത്യം അവ്യക്തമാണെന്ന ധാരണ

സത്യം (ഹഖ്) അവ്യക്തവും കണ്ടെത്താൻ പ്രയാസവുമാണെന്നാണ് ഖുർആനിനെയും സുന്നത്തിനെയും സംബന്ധിച്ച് വ്യക്തമായ അറിവോ, അവയുമായി ബന്ധപ്പെട്ടുള്ള പരിചയമോ വ്യക്തതയോ ഇല്ലാത്ത അനേകം പേരുടെ വിശ്വാസം. ഈ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ തഖ്ലീദിന്റെ (തെളിവ് നോക്കാതെ വ്യക്തികളെ പിൻപറ്റുന്ന രീതി) വക്താക്കൾ ഒരു വിഷയത്തിൽ വിധി പറയണമെങ്കിൽ ഒരാൾക്കുണ്ടായിരിക്കേണ്ട നിബന്ധനകളും [1] യോഗ്യതകളുമെന്ന പേരിൽ അനേകം പുതിയ കാര്യങ്ങൾ മതത്തിൽ കടത്തിക്കൂട്ടിയിട്ടുണ്ട്; ഇത്തരം യോഗ്യതകളാകട്ടെ ഇക്കാലഘട്ടത്തിലുള്ള മുഫ്തിമാരിൽ (മതവിഷയങ്ങളിൽ വിധി പറയുന്നവർ) വളരെ വിരളമാളുകൾക്കേ ചിലപ്പോൾ യോജിച്ചുവെന്ന് വരികയുള്ളൂ.

സത്യം കണ്ടെത്തുന്നത് വളരെ പ്രയാസകരമാണെന്ന ഈ വിശ്വാസം വെച്ചു പുലർത്തുന്ന ആളുകൾ (വാസ്തവത്തിൽ) തങ്ങൾക്കും സത്യത്തിനുമിടയിൽ ഒരു മറ സൃഷ്ടിച്ചിരിക്കുകയാണ്. തർക്കത്തിലിരിക്കുന്ന വിഷയങ്ങളിൽ കാര്യങ്ങൾ വേർതിരിച്ച് മനസ്സിലാക്കിയതിന് ശേഷം സത്യത്തിന് മുൻഗണ നൽകുക എന്നതൊക്കെ അവിടെ നിൽക്കട്ടെ; അത്തരം വിഷയങ്ങളിലൂടെ കേവലമൊന്ന് കണ്ണോടിക്കുന്നതിൽ നിന്ന് വരെ ഇത്തരക്കാർ ജനങ്ങളെ തടഞ്ഞു.

യഥാർഥത്തിൽ മുൻകാലങ്ങളെക്കാൾ സത്യം അന്വേഷിക്കുക എന്നതും, വെളിച്ചത്ത് കൊണ്ടു വരിക എന്നതുമെല്ലാം ഇക്കാലത്ത് വളരെ എളുപ്പമാണ്. സ്വന്തം പ്രയത്നം കൊണ്ടോ മറ്റുള്ളവരുടെ സഹായം കൊണ്ടോ സത്യത്തിലേക്ക് എത്തിച്ചേരാനുള്ള മാർഗങ്ങൾ ഉപയോഗിക്കുക എന്നത് ഇന്ന് എത്രയോ എളുപ്പമായിരിക്കുന്നു.

ഇമാം അശ്ശാതിബി(റ) പറഞ്ഞു : "(സത്യത്തെ) പിൻപറ്റാൻ ആഗ്രഹിക്കുന്ന വ്യക്തി ഈ കാലഘട്ടത്തിൽ [2] ജീവിച്ചിരിക്കുന്ന നമ്മുടെ പണ്ഡിതന്മാരെ പോലെ മതവിജ്ഞാനങ്ങൾ നോക്കുന്നവനും, അതിൽ താൻ കേൾക്കുന്നത് എന്താണെന്നതിൽ വ്യക്തമായ ബോധ്യമുള്ളവനുമാണെങ്കിൽ സത്യത്തിലേക്ക് എത്തിച്ചേരുക എന്നത് അവന് എളുപ്പമാണ്." (അൽ-ഇഅ്തിസാം: 2/344.)

ഇമാം ശൗകാനി(റ) പറയുന്നു : "സത്യമെന്താണെന്നും, അല്ലാഹു അവന്റെ അടിമകളോട് കൽപ്പിച്ച നിയമങ്ങൾ എന്താണെന്നും അറിയൽ അല്ലാഹു പിൽക്കാലക്കാർക്ക് [3] ഏറെ എളുപ്പമാക്കിയിരിക്കുന്നു. തങ്ങളുടെ ഭാഗത്ത്

---

[1] ഈ പറഞ്ഞതിന്റെ അർഥം ഖുർആനും ഹദീഥും ആർക്കു വേണമെങ്കിലും തോന്നിയ പോലെ മനസ്സിലാക്കാമെന്നോ, മുജ്തഹിദുകൾ മാത്രം സംസാരിക്കേണ്ട വളരെ ആഴത്തിലുള്ള വിഷയങ്ങളിൽ എല്ലാ സാധാരണക്കാർക്കും തനിക്ക് മനസ്സിലായത് പോലെ സംസാരിക്കാമെന്നോ അല്ല.
നിരുപാധികമായ ഇജ്തിഹാദിന് അർഹൻ ആരെല്ലാമാണെന്നതിന് അഹ്ലുസ്സുന്നയുടെ പണ്ഡിതന്മാർ വെച്ച നിബന്ധനകളെ നിഷേധിക്കുകയല്ല മേൽ പറഞ്ഞ വാക്കുകളുടെ ഉദ്ദേശം. മറിച്ച് ഖുർആനും ഹദീഥും വായിച്ചു തുടങ്ങുന്ന ആർക്കും വ്യക്തമാകുന്ന പ്രാർഥന അല്ലാഹുവിനോട് മാത്രം, ഇബാദത്തുകൾക്ക് അർഹൻ അല്ലാഹു മാത്രം, നമസ്കാരം നിർബന്ധമാണ്, മോഷണം പാപമാണ് എന്നിങ്ങനെയുള്ള ഇസ്ലാമിലെ അടിസ്ഥാനവും എളുപ്പവുമുള്ളതായ വിഷയങ്ങൾ വരെ സാധാരണക്കാർ മനസ്സിലാക്കുന്നതിൽ നിന്ന് തടയുന്നവരെയാണ് ശൈഖ് ഈ വാക്കുകളിലൂടെ വിമർശിക്കുന്നത്. (പരിശോധിക്കുക: തൻബീഹു ദവിൽ ഉഖൂലിസ്സലീമ ഇലാ ഫവാഇദ മുസ്തൻബത്വ മിൻ അസിത്തതിൽ ഉഥൂൽ: 74-76)

[2] ശൗകാനി(റ) 250 ലധികം വർഷങ്ങൾക്ക് മുൻപാണ് ജീവിച്ചിരുന്നതെന്ന കാര്യം പ്രത്യേകം ഓർക്കുക.

[3] കാലം കടന്നു പോകുന്തോറും ഇത് കൂടുതൽ എളുപ്പമായിക്കൊണ്ടിരിക്കുകയാണ്. ഫോൺ, ഇന്റർനെറ്റ്, അനേകം പുസ്തകങ്ങൾ എന്നിങ്ങനെ എണ്ണിയാൽ തീരാത്ത സൗകര്യങ്ങളാണ് ഇക്കാലത്തുള്ളതെങ്കിലും മനസ്സറിഞ്ഞ് സത്യം അന്വേഷിക്കാൻ ഇരിക്കുന്നവർ എത്ര കുറവ്!

നിന്ന് പരിശ്രമിക്കുക എന്ന ചെറിയൊരു കാര്യം ഒഴിച്ചു നിർത്തിയാൽ വലിയ പരിശ്രമവും പ്രയാസപ്പെടലുമൊന്നും തന്നെ വേണ്ടാത്ത രൂപത്തിൽ അല്ലാഹു ഇക്കാര്യം എളുപ്പമാക്കിയിരിക്കുന്നു." (അദബുത്ത്വലബ്: 85.)

പക്ഷേ - ഖേദകരമെന്ന് പറയട്ടെ - സത്യാന്വേഷണം എളുപ്പമാക്കുന്ന ഈ പുതിയ വഴികൾ ജനങ്ങളിൽ അധികപേരെയും മടിയന്മാരാക്കുകയും, സത്യമന്വേഷിക്കുന്ന മാർഗത്തിൽ അലസന്മാരാക്കുകയും ചെയ്തിരിക്കുന്നു.

മുഹമ്മദ് അൽ-ബുഷയ്ർ അൽ-ഇബ്രാഹീമി പറയുന്നു : "എത്രയെത്ര എളുപ്പവഴികളാണ് കൂടുതൽ പ്രയാസങ്ങളെ കൊണ്ടുവന്നിട്ടുള്ളത്; ഈ എളുപ്പമാർഗങ്ങളെല്ലാം ബുദ്ധിയെ കൂടുതൽ മടിയുള്ളതാക്കുകയും, കൈകളെ നിഷ്ക്രിയമാക്കുകയുമാണ് ചെയ്തത്."

സത്യം മനസ്സിലാക്കൽ പ്രയാസമാണെന്നും, അത് അവ്യക്തമാണെന്നുമുള്ള ഈ വിശ്വാസം യഥാർഥത്തിൽ ഇബ്ലീസിയൻ വിശ്വാസവും, സത്യം എന്താണെന്ന് അന്വേഷിക്കുന്നതിൽ നിന്ന് ജനങ്ങളെ തടയുവാനുള്ള പിശാചിന്റെ തന്ത്രവുമാണ്.

(ആറ് മഹത്തരമായ അടിസ്ഥാനങ്ങൾ എന്ന തന്റെ ഗ്രന്ഥത്തിൽ ആറാമത്തെ അടിസ്ഥാനമായി) ഇമാം മുഹമ്മദ് ബനു അബ്ദിൽ വഹാബ്(റ) പറഞ്ഞു : "ഖുർആനും സുന്നത്തും തള്ളിക്കളയുന്നതിനും, വ്യക്തികളുടെ വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളുടെയും ചിന്തകളുടെയും പിന്നിൽ ജനങ്ങളെ തളച്ചിടുന്നതിനും വേണ്ടി പിശാച് നിർമ്മിച്ച ആശയക്കുഴപ്പം തള്ളിക്കളയുക. ഖുർആനും സുന്നത്തും പരിപൂർണ ഗവേഷണയോഗ്യനായ പണ്ഡിതന് (മുജ്തഹിദ്) മാത്രമേ മനസ്സിലാക്കാൻ കഴിയൂ [4] എന്നതാണ് അത്.

മുജ്തഹിദെന്നാലാകട്ടെ ചില വിശേഷണങ്ങളൊക്കെയുള്ള വ്യക്തിയാണ്. ആ വിശേഷണങ്ങൾ ചിലപ്പോൾ അബൂബക്കറിലും ഉമറിലും(റ) വരെ ഉണ്ടായിക്കൊള്ളണമെന്നില്ല. അതു കൊണ്ട് തന്നെ എല്ലാവരും നിർബന്ധമായും ഖുർആനിൽ നിന്നും ഹദീഥിൽ നിന്നും അകലം പാലിക്കണം (!), ആരെങ്കിലും അതിൽ സന്മാർഗം അന്വേഷിക്കാൻ ശ്രമിച്ചാൽ അവൻ ഒന്നല്ലെങ്കിൽ നിരീശ്വരവാദിയോ, ഭ്രാന്തനോ ആണ് (!), കാരണം അവയിൽ നിന്ന് സത്യം കണ്ടെത്തുക എന്നത് വളരെ പ്രയാസമുള്ള കാര്യമാണ് (!!) (എന്നിങ്ങനെയെല്ലാമാണ് അവരുടെ ജൽപ്പനങ്ങൾ).

അല്ലാഹു എത്ര പരിശുദ്ധൻ. അല്ലാഹു അവന്റെ മതപരവും പ്രാപഞ്ചികവുമായ തെളിവുകളിൽ സാധാരണക്കാർക്ക് പോലും തിരിച്ചറിയാവുന്ന വിധത്തിൽ ഈ ശപിക്കപ്പെട്ട നിയമത്തിനുള്ള മറുപടി [5] അനേകം രൂപത്തിൽ അവൻ നൽകിയിട്ടുണ്ട്. എന്നാൽ ജനങ്ങളിൽ അധികപേരും അറിയുന്നില്ല.

---

[4] നമ്മുടെ നാട്ടിൽ തരീഖത്തിന്റെ വക്താക്കൾ പറയുന്ന ഖുർആനിന് ബാഹ്യവും ആന്തരികവുമായ അർഥങ്ങളുണ്ട്; അതിന്റെ ആന്തരിക അർഥം ശൈഖിന് മാത്രമേ അറിയൂ എന്ന പിഴച്ചവാദവും ഇതിനോട് ചേർത്തിപ്പറയേണ്ടതാണ്. അനേകം പേരെ ഈ വാദം കൊണ്ട് പിഴപ്പിക്കാൻ അവർക്ക് കഴിഞ്ഞിട്ടുണ്ട്.

[5] ചില തെളിവുകൾ താഴെ കൊടുക്കുന്നു :

﴿ وَلَقَدْ يَسَّرْنَا ٱلْقُرْءَانَ لِلذِّكْرِ فَهَلْ مِن مُّدَّكِرٍ ﴿١٧﴾ ﴾ القمر: ١٧

അല്ലാഹു പറഞ്ഞു : "തീർച്ചയായും ആലോചിച്ചു മനസ്സിലാക്കാൻ ഖുർആൻ നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ ആലോചിച്ചു മനസ്സിലാക്കുന്നവരായി ആരെങ്കിലുമുണ്ടോ?" (സൂറഃ അൽ-ഖമർ: 17)

﴿ وَيَضْرِبُ ٱللَّهُ ٱلْأَمْثَالَ لِلنَّاسِ لَعَلَّهُمْ يَتَذَكَّرُونَ ﴿٢٥﴾ ﴾ إبراهيم: ٢٥

﴿ لَقَدۡ حَقَّ ٱلۡقَوۡلُ عَلَىٰٓ أَكۡثَرِهِمۡ فَهُمۡ لَا يُؤۡمِنُونَ ٧ إِنَّا جَعَلۡنَا فِيٓ أَعۡنَٰقِهِمۡ أَغۡلَٰلٗا فَهِيَ إِلَى ٱلۡأَذۡقَانِ فَهُم مُّقۡمَحُونَ ٨ وَجَعَلۡنَا مِنۢ
بَيۡنِ أَيۡدِيهِمۡ سَدّٗا وَمِنۡ خَلۡفِهِمۡ سَدّٗا فَأَغۡشَيۡنَٰهُمۡ فَهُمۡ لَا يُبۡصِرُونَ ٩ وَسَوَآءٌ عَلَيۡهِمۡ ءَأَنذَرۡتَهُمۡ أَمۡ لَمۡ تُنذِرۡهُمۡ لَا يُؤۡمِنُونَ ١٠
إِنَّمَا تُنذِرُ مَنِ ٱتَّبَعَ ٱلذِّكۡرَ وَخَشِيَ ٱلرَّحۡمَٰنَ بِٱلۡغَيۡبِۖ فَبَشِّرۡهُ بِمَغۡفِرَةٖ وَأَجۡرٖ كَرِيمٍ ١١ ﴾ يس: ٧ - ١١

അല്ലാഹു പറഞ്ഞു : "അവരിൽ മിക്കവരുടെ കാര്യത്തിലും (ശിക്ഷയെ സംബന്ധിച്ച) വചനം സത്യമായി പുലർന്നിരിക്കുന്നു. അതിനാൽ അവർ വിശ്വസിക്കുകയില്ല. അവരുടെ കഴുത്തുകളിൽ നാം ചങ്ങലകൾ വെച്ചിരിക്കുന്നു. അത് (അവരുടെ) താടിയെല്ലുകൾ വരെ എത്തുന്നു. തൻമൂലം അവർ തലകുത്തനെ പിടിച്ചവരായിരിക്കും. അവരുടെ മുമ്പിൽ ഒരു തടസ്സവും അവരുടെ പിന്നിൽ ഒരു തടസ്സവും നാം വെച്ചിരിക്കുന്നു. അങ്ങനെ നാം അവരെ മൂടിക്കളഞ്ഞു; അതിനാൽ അവർക്ക് കാണാൻ കഴിയില്ല. നീ അവർക്ക് താക്കീത് നൽകിയാലും ഇല്ലെങ്കിലും അത് അവരെ സംബന്ധിച്ചിടത്തോളം സമമാകുന്നു. അവർ വിശ്വസിക്കുകയില്ല. (വഹ്‌യ്) ബോധനം പിൻപറ്റുകയും, അദൃശ്യാവസ്ഥയിൽ (ഗയ്ബിയായി) പരമകാരുണികനെ ഭയപ്പെടുകയും ചെയ്തവനു മാത്രമേ നിന്റെ താക്കീത് ഫലപ്പെടുകയുള്ളൂ. ആകയാൽ പാപമോചനത്തെയും ഉദാരമായ പ്രതിഫലത്തെയും പറ്റി അവന്ന് സന്തോഷവാർത്ത അറിയിക്കുക." (യാസീൻ: 7 - 11)

സത്യം മനസ്സിലാക്കൽ പ്രയാസമാണെന്ന മേൽ പറഞ്ഞ നിയമം കൊണ്ട് ജനങ്ങൾക്കും സത്യത്തിനുമിടയിൽ തടസ്സമുണ്ടാക്കിയ ഇത്തരക്കാരിൽ നിന്ന് ഇമാം അൽ-അമീർ അസ്സ്വൻആനി(റ) സങ്കടം പറയുന്നത് നോക്കൂ: "ഖുർആനിന്റെയും സുന്നത്തിന്റെയും ആശയം മനസ്സിലാക്കുന്നതിൽ നിന്നും, അതിന്റെ രൂപവും ഘടനയും അറിയുന്നതിൽ നിന്നും, അതിലടങ്ങിയിരിക്കുന്ന ആശയങ്ങൾ പുറത്തെടുക്കുന്നതിൽ നിന്നും തടസ്സമുണ്ടാക്കുന്ന എന്ത് കാര്യമാണ് അവക്കുള്ളത്? ഖുർആനിനെയും സുന്നത്തിനെയും ഇത്തരക്കാർ ചിപ്പിക്കുള്ളിലെ മുത്തു പോലെയാക്കിയിരിക്കുകയാണ്. അവക്ക് മേൽ ഇവർ വിരിപ്പിട്ടിരിക്കുന്നു. അതിലെ അക്ഷരങ്ങളും വാക്കുകളും ആവർത്തിച്ചു കൊണ്ടിരിക്കുക എന്നതല്ലാതെ നമുക്കൊന്നും ഇനി ചെയ്യാൻ ബാക്കിയില്ല (എന്നതാണ് അവരുടെ നിലപാട്). അതിലെ ആശയങ്ങൾ പുറത്തെടുക്കുക എന്നത് നിഷിദ്ധമാക്കപ്പെട്ട ഒരു കാര്യമായി മാറിയിരിക്കുന്നു. എന്തൊരു കഷ്ടമാണിവരുടെ കാര്യം!!" (ഇർഷാദുന്നുഖാദ് ഇലാ തയ്സീരിൽ ഇജ്തിഹാദ്: 85.)

---

അല്ലാഹു പറഞ്ഞു : "മനുഷ്യർക്ക് അവർ ആലോചിച്ച് മനസ്സിലാക്കുന്നതിനായി അല്ലാഹു ഉപമകൾ വിവരിച്ചുകൊടുക്കുന്നു." (സൂറഃ അൽ- ഇബ്രാഹീം: 25)

﴿ وَلَقَدۡ جِئۡنَٰهُم بِكِتَٰبٖ فَصَّلۡنَٰهُ عَلَىٰ عِلۡمٍ هُدٗى وَرَحۡمَةٗ لِّقَوۡمٖ يُؤۡمِنُونَ ٥٢ ﴾ الأعراف: ٥٢

അല്ലാഹു പറഞ്ഞു : " വ്യക്തമായ അറിവിന്റെ അടിസ്ഥാനത്തിൽ നാം കാര്യങ്ങൾ വിശദമാക്കിയിട്ടുള്ള ഒരു ഗ്രന്ഥം അവർക്കു നാം കൊണ്ടുവന്നുകൊടുത്തു. വിശ്വസിക്കുന്ന ജനങ്ങൾക്കു മാർഗദർശനവും കാരുണ്യവുമത്രെ അത്." (സൂറഃ അൽ- അഅ്റാഫ്: 52)